"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. മുഹമ്മദ് ഹസ്രഫ് പി. ഫയൽ ചെയ്ത OA(EKM) No.1131/2025-മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 28/07/2025 ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2633/2025/LSGD തീയതി,തിരുവനന്തപുരം, 02-11-2025

---

പരാമർശം:-

1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.06.2025 ലെ LSGD/PD/62/2023-DEB1-Part(1) നമ്പർ നടപടി ക്രമം.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2025 ലെ LSGD/PD/46015/2023-DEB1-Part(1) നം നടപടി ക്രമം.
3. ശ്രീ മുഹമ്മദ് ഹസ്രഫ് പി. യുടെ 23/07/2025 ലെ അപേക്ഷ.
4. OA (EKM) 1131/2025-മേലുള്ള ബഹു. ട്രിബ്യൂണലിന്റെ 28/07/2025 ലെ അന്തിമ ഉത്തരവ്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.09.2025 ലെ LSGD/PD/9405/2023-DEB1 നമ്പർ നടപടി ക്രമം.
6. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.10.2025 ലെ LSGD/PD/26224/2025-LL2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ ഹെഡ്ക്ലർക്ക് ആയിരിക്കെ പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീ. മുഹമ്മദ് ഹസ്രഫ് പി. യെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ഗ്രാമപഞ്ചായത്തിലേക്ക് നിയമിച്ച് ഉത്തരവായിരുന്നു. ടി സ്റ്റേഷനിൽ സേവനത്തിൽ പ്രവേശിക്കാനിരിക്കവെ പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീ. മുഹമ്മദ് ഹസ്രഫ് പി. യെ വേളം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയെന്നും വേളം ഗ്രാമപഞ്ചായത്ത് ടിയാളുടെ താമസസ്ഥലത്ത് നിന്നും വളരെ ദൂരെയായതിനാൽ ടിയാന് കൂടുതൽ സൗകര്യപ്രദമായ കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് സർക്കാരിൽ സമർപ്പിച്ച പരാമർശം (3 ) അപ്പീൽ അപേക്ഷ പരിഗണിച്ചില്ല എന്ന് കാണിച്ച് ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM) No. 1131/2025 കേസ് ഫയൽ ചെയ്തിരുന്നു. ആയതിന്മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (4) ഉത്തരവ് പ്രകാരം, അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച Annexure A7 അപ്പീൽ പരിശോധിച്ച് ഒരു മാസത്തിനകം ഒന്നാം എതിർ

കക്ഷിയായ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളണമെന്ന് ഉത്തരവായിരുന്നു.

2) 2025 ലെ പൊതുസ്ഥലം മാറ്റത്തിൽ ജീവനക്കാർ ആവശ്യപ്പെട്ട സ്റ്റേഷനുകൾ അനുവദിച്ചുകൊണ്ടുള്ള അന്തിമ സ്ഥലം മാറ്റ പട്ടിക പ്രസിദ്ധീകരിച്ച ശേഷം ഒഴിവു വന്ന സ്റ്റേഷനുകളാണ് പരാമർശം (1) ഉത്തരവ് പ്രകാരം അസി.സെക്രട്ടറി എൽ.എസ്.ജി.ഐ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി പരിഗണിച്ചതെന്നും പുതുതായി സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാരേക്കാൾ അസിസ്റ്റന്റ് സെക്രട്ടറി എൽ.എസ്.ജി.ഐ തസ്തികയിൽ തുടരുന്ന ജീവനക്കാർക്കാണ് സ്റ്റേഷൻ സീനിയോരിറ്റി കൂടുതൽ എന്നതിനാലാണ് സ്ഥലം മാറ്റ ഉത്തരവ് പ്രകാരം നിലവിലുള്ള ജീവനക്കാർക്ക് അവരുടെ ഓപ്ഷൻ പ്രകാരമുള്ള സ്റ്റേഷനുകൾ അനുവദിച്ച ശേഷം ബാക്കിയാകുന്ന സ്റ്റേഷനുകളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ നിയമിക്കുന്നത് എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇതു സംബന്ധിച്ച് പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) സ്ഥാനക്കയറ്റത്തിലൂടെ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് പുതിയ തസ്തികയിലെ സ്റ്റേഷനുകൾ സംബന്ധിച്ച് അവകാശവാദം ഉന്നയിക്കാനാവില്ല. എന്നിരുന്നാലും, സ്ത്രീ ജീവനക്കാർക്ക് പൊതുവെ ഹോം ജില്ലകളിലോ ഒഴിവ് ലഭ്യമായ സമീപ ജില്ലകളിലോ നിയമനം നൽകാറുണ്ടെന്നും കൂടാതെ ഭിന്നശേഷിക്കാരായ ജീവനക്കാർക്കും, മറ്റ് അനുകമ്പാർഹമായ കാരണങ്ങളാൽ ഹോം ജില്ലകളിലോ സമീപ ജില്ലകളിലോ സൗകര്യപ്രദമായ സ്റ്റേഷൻ ആവശ്യപ്പെട്ട് അപേക്ഷ ലഭിക്കുന്ന പക്ഷം അവരുടെ അർഹത പരിഗണിച്ച് സ്റ്റേഷൻ അനുവദിക്കാറുണ്ടെന്നും, പരാമർശം (1) ഉത്തരവ് പ്രകാരം 121 ജീവനക്കാർക്കാണ് അസിസ്റ്റന്റ് സെക്രട്ടറി എൽ.എസ്.ജി.ഐ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നതെന്നും സ്ഥാനക്കയറ്റ ഉത്തരവിലെ ഓരോ ജീവനക്കാരുടെയും ആവശ്യം പരിഗണിച്ച് സ്റ്റേഷനുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല എന്നിരുന്നാലും ഒഴിവ് ലഭ്യമാകുന്ന പക്ഷം ജീവനക്കാർക്ക് ഹോം ജില്ലകളിൽ തന്നെ നിയമനം നൽകാറുണ്ടെന്നും ഇപ്രകാരം അപേക്ഷകനും ഹോം ജില്ലയായ കോഴിക്കോട് തന്നെയാണ് നിയമനം നൽകിയിട്ടുള്ളത് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4) ശ്രീ. മുഹമ്മദ് ഹസ്രഫ് പി. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്ത ശേഷം കുറ്റ്യാടി ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് പരാമർശം (2) പ്രകാരം വേളം ഗ്രാമപഞ്ചായത്തിലേക്കുള്ള സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും ഭരണ സൗകര്യാർത്ഥമാണ് ടിയാനെ വേളം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ചതെന്നും രണ്ട് സ്റ്റേഷനുകളും തമ്മിൽ 10 കിലോ മീറ്ററിൽ താഴെ മാത്രമേ ദൂരവ്യത്യാസമുള്ളൂവെന്നും അപേക്ഷകൻ തന്റെ ഹോം സ്റ്റേഷനായി സൂചിപ്പിച്ചിട്ടുള്ള മാവൂർ എന്ന സ്ഥലത്ത് നിന്നും കുറ്റ്യാടി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലേക്കുള്ളതിനേക്കാൾ വേളം ഗ്രാമപഞ്ചായത്തിലേക്ക് ദൂരം കുറവാണെന്നും കുറ്റ്യാടി ഗ്രാമപഞ്ചായത്തിലേക്ക് നിയമനം ലഭിച്ച ശ്രീ.സിബി പി.പി. 30.07.2025 തീയതിയിൽ കുറ്റ്യാടി ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ടെന്നും പരാമർശം (2) ഉത്തരവ് പ്രകാരം ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.മധുസൂദനൻ പി.എം നെ കാസർകോട് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ച്

ഉത്തരവായിരുന്നെങ്കിലും, ടിയാനെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നിലനിർത്തണം എന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയിട്ടുള്ള അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിച്ചു വരുന്നതിനാൽ ശ്രീ.മധുസൂദനൻ പി.എം ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും നാളിതുവരെ വിടുതൽ ചെയ്തിട്ടില്ലാത്തതും, ടിയാനെ സ്ഥലം മാറ്റി നിയമിച്ച മധൂർ ഗ്രാമപഞ്ചായത്തിലെ ഒഴിവിലേക്ക് പരാമർശം (5) പ്രകാരം ശ്രീ. എൻ.രതീഷ് കുമാർ-നെ നിയമിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒഴിവില്ലാത്തതാണ് എന്നും ആയതിനാൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നിയമനം നൽകണം എന്ന ശ്രീ.മുഹമ്മദ് ഹസ്രഫിന്റെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല എന്നും സ്ഥാനക്കയറ്റം ലഭിക്കുന്ന മുഴുവൻ ജീവനക്കാർക്കും സൗകര്യപ്രദമായ സ്റ്റേഷനുകളിൽ ഒഴിവ് ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് സ്ഥാനക്കയറ്റ ഉത്തരവിൽ ശ്രീ മുഹമ്മദ് ഹസ്രഫ് പി ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സൗകര്യപ്രദമായ സ്റ്റേഷനുകളിൽ നിയമനം ലഭിക്കാതിരുന്നതെന്നും നിയമനാധികാരിയായ പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർ ശം (6) റിപ്പോർട്ടിലെ മേൽ പരാമർശിച്ച വസ്തുതകളും, നിലവിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ഒഴിവ് ഇല്ല എന്നതും പരിഗണിച്ച്, പ്രസ്തുത ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന ആവശ്യമുന്നയിച്ചുള്ള ശ്രീ. മുഹമ്മദ് ഹസ്രഫ് പി. യുടെ പരാമർശം (3) അപേക്ഷ (Annexure A7) നിരസിച്ച് ഉത്തരവാകുന്നു.

6) ബഹു. ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ മുഹമ്മദ് ഹസ്രഫ് പി , അസിസ്റ്റന്റ് സെക്രട്ടറി, വേളം ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് *(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*

അഡ്വക്കേറ്റ് ജനറൽ , കേരള , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നം.ഇപിബി1/168/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 02-11-2025 22:32:14**

സെക്ഷൻ ഓഫീസർ